# സ്റ്റാർ ബുക്ക് ബൈന്റിംഗ് യൂണിറ്റ് ഒളവണ്ണ

ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ ഇരിങ്ങല്ലൂർ ബ്ലോക്ക് കെട്ടിടത്തിലാണ് സ്റ്റാർ ബുക്ക് ബൈന്റിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നത്. 9 അംഗങ്ങൾ ചേർന്നാണ് ഈ സംരംഭം ആരംഭിച്ചത്. നിലവിൽ 5 അംഗങ്ങൾ മാത്രമാണ് യൂണിറ്റിൽ ജോലി ചെയ്യുന്നത്. പ്രധാനമായും ബുക്ക് ബൈന്റിംഗ് ജോലികളാണ് ചെയ്യുന്നത്. ഇതു കൂടാതെ വിവിധയിനം രജിസ്റ്ററുകൾ, ഫയൽ ബോർഡുകൾ എന്നിവ ആവശ്യമനുസരണം നിർമ്മിച്ചു നൽകുന്നുണ്ട്

മാസം തോറും വരുമാനമായി 35000 രൂപ മുതൽ 45000 രൂപ വരെ ലഭിക്കാറുണ്ട്. ഓരോ അംഗത്തിനും 7000 മുതൽ 7500 രൂപ വരെ വരുമാനം ലഭിക്കുന്നു. ആദ്യകാലങ്ങളിൽ കണക്കുകളെല്ലാം കൃത്യമായി എഴുതി സൂക്ഷിച്ചിരുന്നു.2012 നും 2014 നുമിടക്കുള്ള കണക്കുകൾ എഴുതി വെച്ചത് നഷ്ടപ്പെട്ടു പോയതിനാൽ ആ വർഷം മുതലുള്ള ഓഡിറ്റ് നടത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്. യൂണിറ്റംഗങ്ങൾക്ക് ബുക്ക് കീപ്പിംഗ് മേഖലയിൽ യാതൊരു പരിശീലനവും ലഭിച്ചിട്ടില്ല.ആയതു കൊണ്ട് ബുക്ക് കീപ്പിംഗ് മേഖലയിൽ യൂണിറ്റിനു പരിശീലനം നൽകേണ്ടത് അത്യാവശ്യമാണ്.

ജില്ലയിലെ 28 സി.ഡി.എസിനു കീഴിലുള്ള അയൽക്കൂട്ട പാസ്സ് ബുക്ക്, രജിസ്റ്ററുകൾ, മിനുട്സ് ബുക്ക് എന്നിവ ജില്ലാ മിഷന്റെ നിർ ദ്ദേശപ്രകാരം വിതരണം ചെയ്യുന്നത് ഈ യൂണിറ്റാണ്.

യൂണിറ്റ് സെക്രട്ടറി ഗിരിജയും പ്രസിഡണ്ട് സജിതയുമാണ് ഈ യൂണിറ്റിനെ നയിക്കുന്നത്.

നീതു. എ

സമഗ്ര ബ്ലോക്ക് കോ ഓർഡിനേറ്റർ